**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4755** **19-03-2025 - ൽ മറുപടിയ്ക്ക്**

**പൊക്കാളിപ്പാടങ്ങളിലെ ചെമ്മീൻ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊക്കാളി പാടങ്ങളിൽ മത്സ്യ/ചെമ്മീൻ കൃഷി ഒരു വിളയായി നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; | (എ) | ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2023-24 വർഷം ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ 7467.99 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി. നടപ്പ് വർഷം ആലപ്പുഴ ജില്ലയിൽ നാളിതുവരെ 2187 ഹെക്ടർ പാടശേഖരങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | തരിശു കിടക്കുന്ന പൊക്കാളിപ്പാടങ്ങളിൽ വനാമി ചെമ്മീൻ പോലെയുള്ള അത്യൽപ്പാദന ശേഷിയുള്ളതും കയറ്റുമതി മൂല്യമുള്ളതുമായ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | തരിശു കിടക്കുന്ന പൊക്കാളിപ്പാടങ്ങളിൽ വനാമി ചെമ്മീൻ കൃഷി സാധ്യമാക്കുന്നതിന് കൃഷി വകുപ്പുമായുള്ള സമന്വയം ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇത്തരം കൃഷിക്ക് അനുയോജ്യമായ പ്രദേശം കൃത്യമായി കണ്ടെത്തി സംസ്ഥാന ബഡ്ജറ്റിൽ നിന്നും മതിയായ തുക വകയിരുത്തി വനാമി ചെമ്മീൻ കൃഷി പ്രോത്സാഹനത്തിന് നടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ